

ഞായറാഴ്ച ഉദ്ഘാടനം ചെയ്യുന്ന എയർ ആംബുലൻസ്

# രാജ്യത്തെ ആദ്യ എയർ ആംബുലൻസ് നാളെ പറന്നുതുടങ്ങും

**കോയമ്പത്തൂർ:** രാജ്യത്തെ ആദ്യ എയർ ആംബുലൻസ് ഗംഗ ആസ്പത്രിയിൽ ഞായറാഴ്ച എയർമാർഷൽ ബി.എസ്. ധനോവ ഉദ്ഘാടനം ചെയ്യുമെന്ന് ആസ്പത്രി മേധാവികളായ ഡോ. എസ്. രാജസഭാപതി, ഡോ. രാജശേഖരൻ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

അത്യാഹിതത്തിൽപ്പെടുന്ന രോഗികളെ പെട്ടെന്ന് ആസ്പത്രിയിലെത്തിക്കുക, അവയമാറ്റ ശസ്ത്രക്രിയയ്ക്കായി മസ്തിഷ്കമരണം സംഭവിച്ച രോഗികളുടെ അവയവങ്ങൾ ഉദ്ദേശിക്കുന്ന ആസ്പത്രികളിലെത്തിക്കുക, ഡോക്ടർമാരുടെ സംഘങ്ങളെ ആവശ്യമുള്ളിടത്ത് എത്തിക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് ഹെലിക്കോപ്റ്ററിന്റെ സേവനം പ്രയോജനപ്പെടുത്തുക.

ഒരുതവണ ഇന്ധനംനിറച്ചാൽ ഹെലിക്കോപ്റ്ററിന് 440 കിലോമീറ്റർ പറക്കാൻ സാധിക്കും. ദക്ഷിണേന്ത്യയിൽ ഏറെക്കുറെ മുഴുവൻസ്ഥലത്തും ഹെലിക്കോപ്റ്ററിന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് ഡോക്ടർ പറഞ്ഞു. കൃത്രിമ ശ്വാസോച്ഛ്വാസം നൽകുന്നതുൾപ്പെടെയുള്ള പ്രാഥമികസൗകര്യങ്ങൾ ഇതിനുള്ളിൽ ഒരുക്കിയിട്ടുണ്ട്. ഒ.എസ്.എസ്. എയറിന്റെ ഹെലിക്കോപ്റ്ററിന് മാസം 25 ലക്ഷത്തിലേറെ വാടകവരുമെന്ന് ആസ്പത്രി അധികൃതർ പറഞ്ഞു.